## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5812 03.11.2016 -ൽ മറുപടിക്ക്

### എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

| ചോദ്യം<br>ശ്രീ. പി.കെ.ശശി | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ നിലവിലുള്ള കണക്ക് എത്ര എന്നും ഇത് മുൻസർക്കാർ അധികാരമേറ്റപ്പോൾ എത്രയായിരുന്നു എന്നും മുൻസർക്കാർ എത്ര പേർക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകി എന്നും വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലായി 2016 ആഗസ്റ്റ് മാസം വരെ 35,79,396/- പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.മുൻസർക്കാർ അധികാര മേറ്റപ്പോൾ 42,44,452 ഉദ്യോഗാർത്ഥികൾ വിവിധ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്നു.<br><br>മുൻ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ 53,052 ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ നിയമനം നൽകിയിരുന്നു. |
| ബി) എംപ്ലോയ് മെന്റ് വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ എന്തെല്ലാം എന്നും മുൻസർക്കാരിന്റെ ഭരണകാലത്ത് ഇതുവഴി എത്ര പേർക്ക് സ്വയം തൊഴിൽ സഹായം നൽകി എന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ; | ബി) 1999- ൽ ആരംഭിച്ച കേരള സെൽഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (കെസ്റു-99), 2007-08 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സംയുക്ത തൊഴിൽ പദ്ധതിയായ മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി, അശരണരായ വനിതകൾക്കായി 2010-11 സാമ്പത്തിക വർഷം ആരംഭിച്ച ശരണ്യാ സ്വയം തൊഴിൽ പദ്ധതി എന്നിവയാണ് എംപ്ലോയ് മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന മൂന്ന് സ്വയം തൊഴിൽ പദ്ധതികൾ.<br><br>മുൻസർക്കാരിന്റെ ഭരണകാലത്ത് കെസ്റു വഴി 2885 പേർക്കും, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബിലൂടെ 725 പേർക്കും ശരണ്യ പദ്ധതി പ്രകാരം 12659 പേർക്കും സ്വയം തൊഴിൽ സഹായം നൽകിയിരുന്നു. |

| | |
|---|---|
| **സി)** കെസ്റു-99, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ പദ്ധതികൾക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ, അർഹത, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം എന്നും ഇതുവഴി കൂടുതൽ തൊഴിൽ രഹിതർക്ക് സഹായം ലഭ്യമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ; | **സി)** കെസ്റു-99, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ പദ്ധതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റടുത്ത ശേഷം കൂടുതൽ തൊഴിൽ രഹിതർക്ക് സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഭിന്നശേഷിക്കാരായ തൊഴിൽ രഹിതർക്കായി 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| **ഡി)** തൊഴിൽരഹിതരുടെ എണ്ണം കുറയ്ക്കാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും ഈ സർക്കാർ എന്തു തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | **ഡി)** തൊഴിൽരഹിതരുടെ എണ്ണം കുറയ്ക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും നാഷണൽ 'എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കിൽ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എംപ്ലോയബിലിറ്റി സെന്റർ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ അവസരം ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ